**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1109 10.08.2017ൽ മറുപടിയ്ക്ക്

**എച്ച്.എസ്.എ സോഷ്യൽ സയൻസ് റാങ്ക് ലിസ്റ്റ്**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | ഏതെങ്കിലും ജില്ലയിൽ എച്ച്.എസ്.എ സോഷ്യൽ സയൻസ് വിഷയത്തിൽ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; | (എ) | എച്ച്.എസ്.എ സോഷ്യൽ സയൻസ് തസ്തികയിലേയ്ക്ക് ഒരു ജില്ലയിലും റാങ്ക് ലിസ്റ്റ് നിലവിലില്ല. |
| ബി) | 31.12.2012 ൽ പുറത്തിറങ്ങിയ വിജ്ഞാപന പ്രകാരം 1.10.2016 ൽ നടന്ന എച്ച്.എസ്.എ സോഷ്യൽ സയൻസ് പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 31.12.2012 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 660/12 ആയി വിജ്ഞാപനം ചെയ്ത എച്ച്.എസ്.എ (സോഷ്യൽ സ്റ്റഡീസ്) തസ്തികയ്ക്ക് 01.10.2016 ന് നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ 14 ജില്ലകളിലേയ്ക്കും ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനും, ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അഭിമുഖം കൂടി നടത്തി റാങ്ക് പട്ടികകൾ പ്രസിദ്ധീകരിക്കുന്നതിനും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | എച്ച്.എസ്.എ സോഷ്യൽ സയൻസ് വിഷയത്തിൽ കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്?. | (സി) | എച്ച്.എസ്.എ സോഷ്യൽ സയൻസ് വിഷയത്തിൽ കണ്ണൂർ ജില്ലയിൽ 16 ഒഴിവുകളും കാസർഗോഡ് ജില്ലയിൽ 13 ഒഴിവുകളും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ